## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1062.** 05.02.2020 ൽ മറുപടിയ്ക്ക്

## മയക്കമരുന്നിന്റേയും ലഹരി വസ്തുക്കളുടെയും ഉപയോഗ വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കമരുന്നിന്റേയും ലഹരി വസ്തുക്കളുടെയും ഉപയോഗം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2019 ൽ മയക്കമരുന്നുപയോഗവുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | ഉപയോഗം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല 2019 വർഷത്തിൽ 7099 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കൾ കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ വളരെ വേഗത്തിൽ ജാമ്യം ലഭ്യമാകുന്ന സാഹചര്യം ഒഴിവാക്കാൻ നിയമ ഭേദഗതി ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ, മയക്കമരുന്നുകൾ ചെറിയ അളവിൽ പോലും കൈവശം വയ്ക്കുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിന് സഹായകരമാകുന്ന വിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | മദ്യത്തിന്റേയും മയക്കമരുന്നിന്റേയും ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ച | (സി) | മദ്യം, മയക്ക്മരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങ |

| | | | |
|---|---|---|---|
| | നടപടികൾ എന്തൊക്കെ ; വിശദമാക്കുമോ? | | ളാണ് നടത്തി വരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വന്ന് വിപണനം നടത്തുന്നതിനെതിരെ ശക്തമായ നടപടികളാണ് കൈകൊണ്ടിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ ബോധവത്കരണ പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ